ആലുവയിൽ എ.ടി.എം കുത്തി തുറന്ന് പണം മോഷ്ടിക്കാൻ ശ്രമിച്ചയാൾ പിടിയിൽ. മാള അന്നമനട അറക്കൽ വീട്ടിൽ ഷിനാസ് (36) നെയാണ് ആലുവ പോലീസ് പിടികൂടിയത്. തിങ്കളാഴ്ച പുലർച്ചെ പമ്പ് കവലയിലുള്ള എ.ടി.എം ആണ് കുത്തിതുറക്കാൻ ശ്രമിച്ചത്. നൈറ്റ് പട്രോളിംഗ് സംഘമാണ് പ്രതിയെ പിടികൂടിയത്. വിവിധ സ്റ്റേഷനുകളിൽ മോഷണം ഉൾപ്പെടെയുള്ള നിരവധി കേസുകൾ ഇയാളുടെ പേരിലുണ്ട്.